**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2450** **30-09-2025 - ൽ മറുപടിയ്ക്ക്**

**പുളിക്കൽ പഞ്ചായത്തിലെ അന്തിയൂർ കുന്നിൽ മാലിന്യം തള്ളിയതിനെതിരെ നടപടി നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ടി. വി. ഇബ്രാഹിം** | | **ശ്രീ. എം.ബി. രാജേഷ്**<br>**(തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി)** | |
| (എ) | മലപ്പുറം ജില്ലയിൽ പുളിക്കൽ പഞ്ചായത്തിലെ ആന്തിയൂർ കുന്നിൽ ആശുപത്രി മാലിന്യം തള്ളിയ സംഭവത്തിൽ തദ്ദേശ സ്വയംഭരണ വകുപ്പും പഞ്ചായത്തും സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ; | (എ) | ഏകദേശം 20-ൽ കൂടുതൽ ലോഡ് മാലിന്യമാണ് തള്ളിയിട്ടുള്ളത്.<br><br>ക്വാറി ഉടമക്ക് 50,000/- രൂപ, മാലിന്യം തള്ളിയ ഏജൻസിക്ക് 1,00,000/- രൂപ, ലോറി ഉടമയ്ക്ക് 50,000/- രൂപ എന്ന നിരക്കിൽ പഞ്ചായത്ത് പിഴ ചുമത്തുകയും ഇവർക്കെതിരെ പോലീസിൽ പരാതി നൽകുകയും ചെയ്തു. മാലിന്യം തള്ളിയ ലോറി ഉടമയെകൊണ്ട് 5 ലോഡ് മാലിന്യം നിക്കം ചെയ്യിച്ചു. 1 ലോഡ്, സബ് ഏജൻസിയായി പ്രവർത്തിച്ച ശ്രീ. ഹസീബുദ്ദീൻ എന്നയാളെക്കൊണ്ട് നിക്കം ചെയ്യിച്ചു. 4 ലോഡ് മാലിന്യം പഞ്ചായത്ത് നീക്കം ചെയ്തു. വേസ്റ്റ് തള്ളുന്നതിനായി ഉപയോഗിച്ച KL 85 C 4763 നമ്പർ ജെസിബി പിടിച്ചെടുത്തിട്ടുണ്ട്. |
| (ബി) | എത്ര ലോഡ് മാലിന്യമാണ് തള്ളിയതെന്നും ഇതിലെ പ്രതികളുടെ പേരിൽ സ്വീകരിച്ച നടപടികളും വിശദമാക്കുമോ; | (ബി) | ഏകദേശം 20-ൽ കൂടുതൽ ലോഡ് മാലിന്യമാണ് തള്ളിയിട്ടുള്ളത്.<br><br>ക്വാറി ഉടമക്ക് 50,000/- രൂപ, മാലിന്യം തള്ളിയ ഏജൻസിക്ക് 1,00,000/- രൂപ, ലോറി ഉടമയ്ക്ക് 50,000/- രൂപ എന്ന നിരക്കിൽ പഞ്ചായത്ത് പിഴ ചുമത്തുകയും ഇവർക്കെതിരെ പോലീസിൽ പരാതി നൽകുകയും ചെയ്തു. മാലിന്യം തള്ളിയ ലോറി ഉടമയെകൊണ്ട് 5 ലോഡ് മാലിന്യം നിക്കം ചെയ്യിച്ചു. 1 ലോഡ്, സബ് ഏജൻസിയായി പ്രവർത്തിച്ച ശ്രീ. ഹസീബുദ്ദീൻ എന്നയാളെക്കൊണ്ട് നിക്കം ചെയ്യിച്ചു. 4 ലോഡ് മാലിന്യം പഞ്ചായത്ത് നീക്കം ചെയ്തു. വേസ്റ്റ് തള്ളുന്നതിനായി ഉപയോഗിച്ച KL 85 C 4763 നമ്പർ ജെസിബി പിടിച്ചെടുത്തിട്ടുണ്ട്. |
| (സി) | പ്രസ്തുത മാലിന്യം നീക്കം ചെയ്ത്, അതിന്റെ ചെലവ് പ്രതികളിൽനിന്നും ഈടാക്കുന്നതിന് ഗ്രാമപഞ്ചായത്ത് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (സി) | പ്രസ്തുത മാലിന്യം നീക്കം ചെയ്ത് ആയതിന്റെ ചെലവ് മാലിന്യം തള്ളിയവരിൽ നിന്നും ഈടാക്കുന്നതിന് ഗ്രാമപഞ്ചായത്ത് നടപടി സ്വീകരിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | പഞ്ചായത്ത്, ക്വാറി ഉടമക്ക് 50,000/-, മാലിന്യം തള്ളിയ ഏജൻസിക്ക് 1, 00,000/- രൂപയും ലോറി ഉടമയ്ക്ക് 50,000/- രൂപയും പിഴ ചുമത്തുകയും ഇവർക്കെതിരെ പോലീസിൽ പരാതി നൽകുകയും ചെയ്തു. |
| (ഡി) | ഈ മാലിന്യം അവിടെ നിന്നും പൂർണ്ണമായും മാറ്റുന്നതിന് എന്നത്തേയ്ക്ക് സാധിക്കുമെന്ന് വ്യക്തമാക്കാമോ? | (ഡി) | ഒരു വർഷത്തോളമായി ക്വാറിഉടമകളുടെ അറിവോടെ മാലിന്യം തള്ളി വരുന്നുണ്ട്. മണ്ണ് കലർന്ന ഈ മാലിന്യം സിമൻറ് കമ്പനിക്കാർ സ്വീകരിക്കാൻ വിസമ്മതിച്ചതിനാൽ തുടർന്നുള്ള മാലിന്യ നീക്കം സ്തംഭനാവസ്ഥയിലാണ്. എന്നിരുന്നാൽകൂടി നടപ്പ് വർഷം തന്നെ മാലിന്യം പൂർണ്ണമായും നീക്കം ചെയ്യുന്നതിന് വേണ്ട നടപടി പഞ്ചായത്ത് സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ